(ബി) ഇപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ബസ്സുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(സി) നിലവിൽ എത്ര ഷെഡ്യൂളുകളിലാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്;

(ഡി) ഇക്കാലയളവിൽ വരുമാനത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1-9-2004-ൽ കെ.എസ്.ആർ.ടി.സി.-ക്ക് 4449 ബസ്സുകൾ ഉണ്ടായിരുന്നു.

(ബി) 4858 ബസ്സുകൾ ഉണ്ട്.

(സി) 4236 ഷെഡ്യൂളുകൾ നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ഡി) 2004 ആഗസ്റ്റ് മാസം (ഈ സർക്കാർ അധികാരത്തിൽ വന്നതിനുമുന്നിലത്തെ മാസം) പ്രതിദിന ശരാശരി വരുമാനം 1 കോടി 89 ലക്ഷം രൂപ ആയിരുന്നു. ഇപ്പോൾ 2005 ജൂൺ മാസത്തിൽ പ്രതിദിന ശരാശരി വരുമാനം 2 കോടി 21 ലക്ഷം രൂപ ആകുന്നു.

ശരാശരി പ്രതിദിന വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് 15 ലക്ഷം രൂപയാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണിയും ബോഡി നിർമ്മാണവും

43 [1363] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇവയിൽ എത്ര ബസ്സുകളുടെ ബോഡി നിർമ്മാണം സംസ്ഥാനത്തിനകത്ത് നിർവ്വഹിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുതായി വാങ്ങിയ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിലാണോ സ്വകാര്യ വർക്ക്ഷോപ്പുകളിലാണോ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വിനിയോഗിക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്താമോ;

(ഇ) കെ.എസ്.ആർ.ടി.സി.-ലെ നിലവിലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു പകരം ഇപ്രകാരം സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാനുള്ള കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (1-9-2004-നു ശേഷം) കെ.എസ്.ആർ.ടി.സി. 409 പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

(ബി) ഇവയിൽ 250 ബസ്സുകളുടെ ബോഡി നിർമ്മാണം സംസ്ഥാനത്തിനകത്ത് നിർവ്വഹിച്ചിട്ടുണ്ട്.

(സി) കരാർപ്രകാരം ഉറപ്പു നൽകിയ കാലയളവിനുള്ളിൽ നിർമ്മാണത്തിലുള്ള പാകപ്പിഴമൂലമുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ബോഡി നിർമ്മാണക്കാർ അവരുടെ ചെലവിലും മറ്റുള്ളവ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിലും നടത്തി വരുന്നു.

(ഡി) വാറന്റി പീരീഡിനുശേഷം കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിലാണ് അറ്റകുറ്റപ്പണികൾ ചെയ്യുന്നത്. അതിനാൽ ഇതിന് വേണ്ടതുക പുറത്തുള്ള വർക്ക്ഷോപ്പുകളിൽ നൽകുന്നില്ല.

(ഇ) കെ.എസ്.ആർ.ടി.സി.-ലെ നിലവിലുള്ള സംവിധാനങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ബസ് ബോഡി നിർമ്മാണം നടത്തിവരുകയാണ്. കൂടുതൽ പുതിയതരം ബസ്സുകൾ (മിനിബസ്സുകൾ ഉൾപ്പെടെ) ചുരുങ്ങിയ സമയംകൊണ്ട് നിരത്തിലിറക്കേണ്ടിവരുന്നതിനാലാണ് സ്വകാര്യ സ്ഥാപനങ്ങളെക്കൂടി ആശ്രയിക്കേണ്ടിവരുന്നത്.

GPM. 2/567/2012—10

LIBRARY ARCHIVES Kerala Legislative Assembly